പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2423 — 19.03.2015-ൽ മറുപടിക്ക്

## സ്വകാര്യ മെഡിക്കൽ ലാബുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. കെ. വിജയൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ മെഡിക്കൽ ലാബുകൾ പലതും ഗുണനിലവാരമില്ലാത്തതും മാനദണ്ഡങ്ങൾ അനുസരിച്ച് പ്രവർത്തിക്കാത്തതാണെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) സ്വകാര്യ മെഡിക്കൽ ലാബുകൾക്ക് സർക്കാർ അനുമതി നൽകുന്നത് ഏത് മാനദണ്ഡ പ്രകാരമാണെന്ന് വിശദമാക്കാമോ ; | (ബി) സ്വകാര്യ പരിശോധനാ ലാബുകൾക്ക് ലൈസൻസ് നൽകുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. |
| (സി) മാനദണ്ഡങ്ങൾ പാലിക്കാതെയും ശുചിത്വം, ഗുണനിലവാരം എന്നിവ ഉറപ്പുവരുത്താതെയും പ്രവർത്തിക്കുന്ന സ്വകാര്യ മെഡിക്കൽ ലാബുകൾക്കെതിരെ എന്തെല്ലാം നടപടികളാണ് ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ? | (സി) പി.എൻ.ഡി.റ്റി. ആക്ട് പ്രകാരവും, സെയ്ഫ് കേരള കാമ്പയിൻ പ്രകാ രവും മറ്റും ഇത്തരം ലാബുകളിൽ ആരോഗ്യ വകുപ്പ് സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന നടത്തി ആവശ്യമെങ്കിൽ നോട്ടീസ് നൽകുകയോ ഫൈൻ ഈടാക്കുകയോ സ്ഥാപനം അടച്ചുപൂട്ടുകയോ ചെയ്തു വരുന്നു. ഗുണനിലവാര പരിശോധന അതാത് പ്രദേശത്തെ ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ നേതൃത്വത്തിലുള്ള ടീമും നടത്തുന്നുണ്ട്. സ്വകാര്യ ആശുപത്രികൾ, ക്ലിനിക്കുകൾ, നഴ്സിംഗ് ഹോമുകൾ, ലാബോറട്ടറികൾ എന്നിവയുടെ നിയന്ത്രണം, ഫീസ് ഏകീകരണം, രജിസ്ട്രേഷൻ എന്നിവയ്ക്ക് വേണ്ടി 'ദി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ ' എന്നൊരു ബിൽ നിയമമാക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ